**കേരള കലാമണ്ഡലം**

**(കല്പിതസർവകലാശാല)**



# ആർട്ട് ഹൈസ്കൂൾ

**പ്രോസ്പെക്റ്റസ് 2026-27**

## കേരളകലാമണ്ഡലം

### 2026-27 അധ്യയന വർഷത്തിൽ എട്ടാം ക്ലാസ്സിലേക്കുള്ള പ്രവേശനത്തിനായി പ്രസിദ്ധീകരിക്കുന്ന പ്രോസ്പെക്ടസ്

പ്രവേശത്തിനുള്ള യോഗ്യത, ലഭ്യമായ കോഴ്സുകൾ, സീറ്റുകളുടെ എണ്ണം, തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ഫീസ് ഘടന, ഹോസ്റ്റൽ സൌകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷ സമർപ്പിക്കുന്ന വിധം, ആവശ്യമായ രേഖകൾ, പരീക്ഷ/ ഓഡിഷൻ സംബന്ധിച്ച വിവരങ്ങൾ, പ്രധാന തിയ്യതികൾ എന്നിവയും ഇതിൽ വിശദീകരിച്ചിരിക്കുന്നു. പ്രവേശന നടപടികളുമായി ബന്ധപ്പെട്ട എല്ലാ നിർദേശങ്ങളും അപേക്ഷകർ ശ്രദ്ധാപൂർവ്വം വായിക്കുകയും പാലിക്കുകയും ചെയ്യേണ്ടതാണ്.

1. **പഠനവിഷയങ്ങൾ**

കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ എന്നീ കലാരൂപങ്ങളടക്കം താഴെ പറയുന്ന വിഷയങ്ങളിലേക്കാണ് അപേക്ഷകൾ ക്ഷണിക്കുന്നത്.

**VIII – X ആർട്ട് ഹൈസ്കൂൾ (മൂന്നുവർഷം)**

| വിഷയം | സീറ്റ് |
|---|---|
| 1. കഥകളി വേഷം (വടക്കൻ കളരി) | 6 |
| 2. കഥകളി വേഷം (തെക്കൻ കളരി) | 6 |
| 3. കഥകളി സംഗീതം (വായ്പാട്ട്) | 4 |
| 4. കഥകളി ചെണ്ട (വാദ്യം) | 8 |
| 5. കഥകളി മദ്ദളം (വാദ്യം) | 4 |
| 6. ചുട്ടി | 4 |
| 7. കൂടിയാട്ടം (പുരുഷവേഷം) | 4 |
| 8. കൂടിയാട്ടം (സ്ത്രീവേഷം) | 4 |
| 9. മിഴാവ് (വാദ്യം) | 4 |
| 10. തിമില (വാദ്യം) | 4 |
| 11. തുള്ളൽ | 4 |
| 12. മൃദംഗം (വാദ്യം) | 4 |
| 13. കർണ്ണാടക സംഗീതം (വായ്പാട്ട്) | 8 |
| 14. മോഹിനിയാട്ടം | 12 |

2. **റസിഡൻഷ്യൽ**

കേരള കലാമണ്ഡലം റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാലയാണ്. മൺസൂൺ കാലത്ത് (ജൂൺ – ആഗസ്റ്റ്) പുലർച്ചെ 4.30–ന് ആരംഭിക്കുന്ന സാധകം 6.30 വരെ തുടരും.

തുടർമാസങ്ങളിൽ 5.30 മുതൽ 7.30 വരെയും സാധക ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസ്സുകൾ 9 മണിക്ക് ആരംഭിക്കും. കലാവിഷയങ്ങൾക്കൊപ്പം പൊതുവായ മറ്റ് വിഷയങ്ങളും പഠിപ്പിക്കുന്നതായിരിക്കും.

3. **അച്ചടക്കം**

കളരികളിലും ക്ലാസ്സുകളിലും കർശനമായ അച്ചടക്കം പാലിക്കേണ്ടതുണ്ട്. ബഹു. ഹൈക്കോടതി വിധി അനുസരിച്ച് കേരള കലാമണ്ഡലം ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയവും രാഷ്ട്രീയാനുബന്ധപ്രവർത്തനങ്ങളും നിരോധിച്ചിട്ടുള്ളതാണ്. കലാമണ്ഡലത്തിൻറെ നിയമാവലി ലംഘിക്കുന്നവരും അച്ചടക്കലംഘനം നടത്തുന്നവരും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരും മതിയായ കാരണങ്ങൾ ഇല്ലാതെ 5 ദിവസത്തിൽ കൂടുതൽ ക്ലാസ്സുകളിൽ ഹാജരാകാത്തവരും ആയ വിദ്യാർഥികളെ സ്ഥാപനത്തിൽ നിന്ന് വിടുതൽ നല്കുന്നതിന് കലാമണ്ഡലത്തിന് തീരുമാനം എടുക്കാവുന്നതാണ്.

4. **പ്രവേശനരീതി**

ഏഴാം ക്ലാസ്സിൽ നിന്ന് ജയിച്ച, 2026 ജൂൺ 1-ന് 14 വയസ്സ് കവിയാത്ത വിദ്യാർഥികൾക്കാണ് പ്രവേശനം ലഭിക്കുന്നത്. പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർഥികൾ കലാമണ്ഡലം വെബ്സൈറ്റിൽ **(www.kalamandalam.ac.in)** കൊടുത്ത നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് അവസാനമായി പഠിച്ച സ്കൂളിലെ പ്രധാന അദ്ധ്യപകൻ/ അദ്ധ്യാപികയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം എഴുത്ത് പരീക്ഷക്ക് ഹാജരാകുമ്പോൾ കൊണ്ടുവരേണ്ടതാണ്.

അപേക്ഷയോടൊപ്പം മറ്റ് യാതൊരു രേഖകളും പകർപ്പുകളും ഉൾപ്പെടുത്തേണ്ടതില്ല. പ്രവേശനം ആഗ്രഹിക്കുന്ന കലാവിഷയങ്ങൾ മുൻഗണനാക്രമത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. അതനുസരിച്ചായിരിക്കും പ്രവേശനത്തിനായി പരിഗണിക്കുന്നത്. അപേക്ഷയിൽ രേഖപ്പെടുത്താത്ത വിഷയങ്ങൾക്ക് പ്രവേശനം നൽകുന്നതല്ല.

എല്ലാ അപേക്ഷകർക്കും എഴുത്ത് പരീക്ഷ ഉണ്ടായിരിക്കും. വിദ്യാർഥികൾ പരീക്ഷയ്ക്ക് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. ഏഴാംക്ലാസ്സ് വിദ്യാർഥികളുടെ സാമാന്യവിജ്ഞാനത്തെയും കലകളെയും കലാമണ്ഡലത്തെയും സംബന്ധിക്കുന്ന ചോദ്യങ്ങളാണ് ഉണ്ടായിരിക്കുക. രണ്ട് മണിക്കൂറാണ് സമയം. പരീക്ഷയുടെ മാധ്യമം മലയാളമാണ്. 50 ചോദ്യങ്ങൾ ഒബ്ജക്റ്റീവ് മാതൃകയിൽ ഉള്ളതും 10 ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ളതും 6 ചോദ്യങ്ങൾ 50 വാക്കിൽ കുറയാത്ത രീതിയിൽ ഉത്തരമെഴുതേണ്ടതായ വിവരണാത്മക മാതൃകയിൽ ഉള്ളതുമായിരിക്കും. ചോദ്യക്കടലാസിൽ മലയാളത്തിൽ തന്നെ ഉത്തരം എഴുതേണ്ടതാണ്. പരമാവധി നൂറ് (100) മാർക്കാണ്. 50 മാർക്ക് ലഭിക്കുന്ന വിദ്യാർഥികൾക്ക് മാത്രമാണ് അഭിമുഖം/പ്രയോഗ പരീക്ഷയിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുക. എസ്.സി/എസ്.ടി അപേക്ഷകർക്ക് നിയമപരമായ ഇളവ് അനുവദിക്കുന്നതാണ്.

പ്രവേശനപരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ അതത് വിഷയങ്ങളിൽ നിലവിലുള്ള സീറ്റിൻറെ ആറിരട്ടി വരെ അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. കലാഭിരുചി, ആഭിമുഖ്യം, മുൻപരിചയം, കലോൽസവ വേദിയിലെ മികച്ച പ്രകടനത്തിനുള്ള അംഗീകാരം, പരിശീലനത്തിന് യോജിച്ച ശാരീരികക്ഷമത എന്നിവയായിരിക്കും അഭിമുഖ/പ്രയോഗ പരീക്ഷയിലെ മാനദണ്ഡങ്ങൾ.

പ്രവേശന പരീക്ഷയുടെ മാർക്കിൻറെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം നൽകുന്നതല്ല. പ്രവേശന പരീക്ഷയിൽ നിശ്ചിത മാർക്ക് നേടിയവരുടെ കലാവിഷയങ്ങളിലുള്ള അഭിരുചി, അറിവ്, മുൻപരിചയം തുടങ്ങിയവ കൂടി പരിഗണിച്ച് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

അംഗപരിമിതിയുള്ള അപേക്ഷകർക്ക് അനുയോജ്യമായ വിഷയങ്ങളിൽ സർക്കാർ നിയമമനുസരിച്ചുള്ള സംവരണത്തിന് അർഹതയുണ്ടായിരിക്കും.

അഭിമുഖപരീക്ഷയ്ക്കുശേഷം പ്രവേശന പട്ടികയിലുൾപ്പെട്ട വിദ്യാർഥികൾ, പഠിച്ചിരുന്ന വിദ്യാലയത്തിൽ നിന്നുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റും മറ്റു രേഖകളും സഹിതം നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടേണ്ടതാണ്. വിദ്യാർഥികൾ ചേരാത്തതുമൂലം ഒഴിവ് വരുന്ന സീറ്റുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിലെ ക്രമമനുസരിച്ച് പ്രവേശനം നല്കും. പ്രവേശനം ഉറപ്പുവരുത്താതെ വിദ്യാർഥികൾ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങരുത്.

പ്രവേശനയോഗ്യത നേടുന്ന വിദ്യാർഥി(നി)കൾ കയികക്ഷമത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5. **ഫീസ്**

| | | |
|---|---|---|
| a. അഡ്മിഷൻ ഫീ | 300/- | രൂപ |
| b. ഓഡിയോവിഷ്വൽ ഫീ | 100/- | രൂപ |
| c. കോഷൻ മണി | 300/- | രൂപ |
| d. എക്സാമിനേഷൻ ഫീ | 500/- | രൂപ |
| e. ജനറൽ ഫണ്ട് | 500/- | രൂപ |
| f. ഐ.ഡി കാർഡ് | 100/- | രൂപ |
| g. ഇൻഷ്വറൻസ് | 500/- | രൂപ |
| h. ലൈബ്രറി ഫീ | 100/- | രൂപ |
| i. മാഗസിൻ ഫീ | 100/- | രൂപ |
| j. പി.ടി.എ ഫണ്ട് | 500/- | രൂപ |
| k. സ്പോർട്ട്സ് അഫിലിയേഷൻ ഫീ | 300/- | രൂപ |
| l. സ്റ്റേഷണറി ഫീ | 100/- | രൂപ |
| m. വിദ്യാർത്ഥി സമാജം | 300/- | രൂപ |
| n. സ്റ്റുഡൻറസ് വെൽഫെയർ ഫണ്ട് | 500/- | രൂപ |
| o. ട്യൂഷൻ ഫീ | 500/- | രൂപ |
| p. മെസ്സ് അഡ്വാൻസ് | 3000/- | രൂപ |
| q. ഹോസ്റ്റൽ ഡെപ്പോസിറ്റ് | 2000/- | രൂപ |
| r. ലോൺട്രി ചാർജ് (അഡ്വാൻസ്) | 500/- | രൂപ |
| ആകെ | **10,200/- രൂപ** | |

*(പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ മെസ്സ് അഡ്വാൻസ്, ഹോസ്റ്റൽ ഡെപ്പോസിറ്റ് എന്നീ ഫീസുകൾ ഒഴികെയുള്ള 5,200//- രൂപ അടവാക്കേണ്ടതാണ്.)*

6. **സ്റ്റൈപ്പൻറ്**

a. **അർഹരായ** വിദ്യാർഥികൾക്ക് പ്രതിമാസം 1500/- രൂപ സ്റ്റൈപ്പൻറ് ലഭിക്കുന്നതാണ്. അധികം വരുന്ന മെസ്സ് തുക വിദ്യാർത്ഥികൾ അതത് മാസം അടവാക്കേണ്ടതാണ്. വരുമാനത്തിൻറെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പൻറ് അനുവദിക്കുക. സ്റ്റൈപ്പന്റ് ലഭിക്കാത്തവർ അതതുമാസം മെസ് ഫീസ് അടയ്ക്കേണ്ടതാണ്.

b. പഠനത്തിൽ തൃപ്തികരമായ പുരോഗതി കാണിക്കാത്ത വിദ്യാർഥികൾക്ക് തുടർന്നുള്ള വർഷങ്ങളിൽ സ്റ്റൈപ്പൻറ് ലഭിക്കുന്നതല്ല. അവർ അതത് മാസത്തെ മെസ് ഫീസ് അടയ്ക്കേണ്ടതുമാണ്.

c. ഓരോ വർഷവും അധ്യയനം ആരംഭിച്ച് ആദ്യത്തെ ആഴ്ചയിൽ സ്റ്റൈപ്പന്റിനായി വരുമാന സർട്ടിഫിക്കറ്റടക്കം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

a. സ്റ്റൈപ്പൻറ് തുടർന്ന് ലഭിക്കുന്നതിന് 80% ഹാജറും, പഠനപുരോഗതി വിലയിരുത്തിയുള്ള വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രവും സമർപ്പിക്കേണ്ടതാണ്.

b. കലാമണ്ഡലത്തിലെ സ്ഥാവര-ജംഗമ വസ്തുക്കൾക്ക് കേടുപാടുകൾ വരുത്തുകയും കലാമണ്ഡലത്തിൻറെ യശസ്സിനും പ്രവർത്തനങ്ങൾക്കും കളങ്കമേൽപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരുടെ സ്റ്റൈപ്പൻറ് നിർത്തലാക്കുന്നതാണ്.

c. പഠനകാലത്തിനിടയിൽ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുന്നവർ സ്റ്റൈപ്പൻറ് തുക തിരിച്ച് അടയ്ക്കേണ്ടതാണ്.

d. ജനറൽ വിഭാഗത്തിൽ ഉൾപ്പെടാത്ത അർഹരായ മറ്റ് വിഭാഗത്തിൽ പെട്ടവർക്ക് സർക്കാർ അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്.

7. **ഹോസ്റ്റൽ പ്രവേശനം**

കേരള കലാമണ്ഡലം റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാലയാണ്. കളരിസാധകം പുലർച്ചയ്ക്ക് മുൻപേ ആരംഭിക്കേണ്ടതുകൊണ്ട് സാധകം നിർബന്ധമായ വിദ്യാർഥി/വിദ്യാർത്ഥിനികൾ കാമ്പസിൽ തന്നെ താമസിക്കേണ്ടതാണ്. സാധകം നിർബന്ധമല്ലാത്ത വിഷയങ്ങളിൽ ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിന് കലാമണ്ഡലത്തിന് തീരുമാനമെടുക്കാവുന്നതാണ്. ഹോസ്റ്റലിൽ പ്രവേശനത്തിന് നിശ്ചിത ഫോമിൽ അപേക്ഷ നല്കേണ്ടതുണ്ട്.

ഒഴിവുദിവസങ്ങളിലും പരിശീലനക്കളരികൾ ഉള്ളതിനാൽ ഹോസ്റ്റലിൽ നിന്ന് വീട്ടിലേക്ക് പോകുന്നതിന് മാസത്തിൽ ഒരിക്കൽ മാത്രമേ അനുവാദമുള്ളു. കലാമണ്ഡലത്തിൻറെ സമ്മതമില്ലാതെ ക്യാമ്പസ്സിന് പുറത്ത് പോകുന്നത് ശിക്ഷാർഹമാണ്. അത്തരം വിദ്യാർഥികൾക്ക് വിടുതൽ നൽകുന്നതിനും കലാമണ്ഡലത്തിന് തീരുമാനം എടുക്കാവുന്നതാണ്. ഹോസ്റ്റലിലെയും ക്ലാസ്സുകളിലെയും ക്യാമ്പസ്സിലെയും വസ്തുവകകൾക്ക് കേടുപാടുകൾ ഉണ്ടാക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ അതിൻറെ നഷ്ടം വിദ്യാർഥികളിൽ നിന്ന് ഒറ്റക്കോ കൂട്ടായോ അതത്

സമയങ്ങളിൽ ഊട്ടാക്കുന്നതാണ്. ക്യാമ്പസ്സിലേക്ക് പുറമെനിന്നും ഭക്ഷണം കൊണ്ടുവരാൻ പാടുള്ളതല്ല. ക്യാമ്പസ്സിനകത്ത് പ്ലാസ്റ്റിക്ക് ഉപയോഗം നിരോധിച്ചിട്ടുള്ളതാണ്.

ഹോസ്റ്റലുകളിൽ രക്ഷിതാക്കളേയോ മറ്റുള്ളവരേയോ ഒരു കാരണവശാലും പ്രവേശിപ്പിക്കുന്നതല്ല. രക്ഷിതാക്കൾക്ക് വിദ്യാർഥികളെ സന്ദർശിക്കുവാനുള്ള സൗകര്യം കലാമണ്ഡലം ഒരുക്കുന്നതാണ്. കലാമണ്ഡലം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകളും ചട്ടങ്ങളും പാലിക്കാത്ത വിദ്യാർഥികളെയും അച്ചടക്കലംഘനം നടത്തുന്നവരെയും കാരണം കാണിക്കാതെ വിടുതൽ ചെയ്യുന്നതിന് കലാമണ്ഡലത്തിന് തീരുമാനം എടുക്കാവുന്നതാണ്. വിദ്യാർഥികൾക്ക് വീടുകളിലേക്ക് പോകുന്നതിനും വീടുകളിൽ നിന്ന് വരുന്നതിനും കർശനമായ നിയന്ത്രണവും പരിശോധനയും ഉണ്ടായിരിക്കും. മതിയായ കാരണങ്ങളില്ലാതെ ഒരു വിദ്യാർഥിക്കും ക്യാമ്പസ്സിന് പുറത്തുപോകുവാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.

8. **സംവരണം**

നിലവിലുള്ള നിയമമനുസരിച്ച് പ്രവേശനത്തിന് സംവരണതത്ത്വം പാലിക്കുന്നതാണ്. സംവരണവിഭാഗത്തിലുള്ള എല്ലാവർക്കും ഗവൺമെൻറ് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അർഹതയനുസരിച്ച് ലഭിക്കുന്നതാണ്. എന്നാൽ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ മെസ്സ് അഡ്വാൻസ്, ഹോസ്റ്റൽ ഡെപ്പോസിറ്റ് എന്നീ ഫീസുകൾ ഒഴികെയുള്ള 5,200/- രൂപ അഡ്മിഷൻ സമയത്ത് അടവാക്കേണ്ടതാണ്.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

അപേക്ഷഫോമിൽ കൊടുത്തിരിക്കുന്ന QR Code സ്കാൻ ചെയ്ത് അപേക്ഷ ഫീ അടവാക്കി ആയതിൻറെ സ്ക്രീൻ ഷോട്ട് അറ്റാച്ച് ചെയ്ത ശേഷം അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. 300/- രൂപയാണ് അപേക്ഷ ഫീസ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർ 100/- രൂപ അടച്ചാൽ മതിയാകും. QR Code സ്കാൻ ചെയ്ത് അപേക്ഷഫീ അടവാക്കാതെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയോടൊപ്പം അസ്സൽ സാക്ഷ്യപത്രങ്ങളോ പകർപ്പുകളോ വെയ്ക്കേണ്ടതില്ല. അഭിമുഖസമയത്ത് എല്ലാ അസ്സൽ സാക്ഷ്യപത്രങ്ങളും അവയുടെ ഓരോ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

10. **പ്രവേശനക്രമം: (എട്ടാം ക്ലാസ്സ്)**

| | | | |
|---|---|---|---|
| 1. | വെബ്സൈറ്റിൽ നിന്നും അപേക്ഷ ലഭിക്കുന്ന തീയതി | : | 02/05/2026 |
| 2. | പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാനദിവസം | : | 11/05/2026 |
| 3. | അഭിരുചി നിർണ്ണയ പരീക്ഷ | : | 15/05/2026 |
| 4. | അഭിരുചി നിർണ്ണയ പരീക്ഷാഫലം പ്രസിദ്ധീകരണം | : | 19/05/2026 |
| 5. | അഭിമുഖം നടക്കുന്ന തീയ്യതികൾ | : | 22 & 23/05/2026 |
| 6. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | : | 28/05/2026 |

| | | | |
|---|---|---|---|
| 7. | പ്രവേശനത്തിനുള്ള തീയതി | : | 01/06/2026 |
| 8. | ക്ലാസ്സുകൾ ആരംഭിക്കുന്നത് | : | 01/06/2026 |
| 9. | പ്രവേശനം നടക്കുന്ന അവസാന തിയ്യതി | : | 31/07/2026 |

അവിചാരിതമായ കാരണങ്ങളാൽ തീയതികൾ മാറ്റേണ്ടിവന്നാൽ മാത്രമേ പ്രത്യേക അറിയിപ്പുകൾ ഉണ്ടായിരിക്കുകയുള്ളൂ. പ്രവേശനം സംബന്ധിച്ച വിവരങ്ങൾക്ക്: 04884-262418 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

11. **പ്രവേശനം സംബന്ധിച്ച പരാതികൾ**

കേരള കലാമണ്ഡലം പ്രവേശനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായി ഏതെങ്കിലും വ്യക്തികളെയോ സ്ഥാപനങ്ങളെയോ ചുമതലപ്പെടുത്തിയിട്ടില്ല. പ്രവേശനം സംബന്ധിച്ച പരാതികൾ വൈസ് ചാൻസലർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ഫോൺ : 04884 262562, 262418

e-mail: info@kalamandalam.ac.in, academic@kalamandalam.ac.in, Website: www.kalamandalam.ac.in